# പതിനാലാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 308 23/01/2018-ൽ മറുപടിക്ക്

## രക്തദാന സുരക്ഷ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.മഞ്ഞളാംകുഴി അലി | | ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) |
| എ) | സംസ്ഥാനത്ത് ആശുപത്രികളിൽ രക്തം സ്വീകരിക്കുന്നത് മൂലം എച്ച്.ഐ.വി. ഉൾപ്പെടെയുള്ള മാരക രോഗങ്ങൾ പിടികൂടിയ സാഹചര്യം റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ ഈ സ്ഥിതി വിശേഷം മൂലം രോഗികളിലും മറ്റും ഉണ്ടായിട്ടുള്ള ആശങ്ക പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | എ) & ബി) | തിരുവനന്തപുരം റീജണൽ ക്യാൻസർ സെന്ററിൽ ചികിത്സയിലായിരുന്ന ഒരു കുട്ടിക്ക് രക്തം സ്വീകരിച്ചതു വഴി എച്ച്.ഐ.വി അണുബാധ ഉണ്ടായതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ ഇത് പൂർണ്ണമായി സ്ഥിരീകരിക്കപ്പെട്ടിട്ടില്ല.<br>ഏതെങ്കിലും ഒരു വ്യക്തിക്ക് എച്ച്.ഐ.വി അണുബാധ ഉണ്ടായാൽ അത് പ്രത്യക്ഷപ്പെടുന്നതിന് 6 മാസം വരെ സമയം വേണ്ടിവരും വിന്റോ പീരിഡ് എന്ന് വൈദ്യശാസ്ത്രം വിളിക്കുന്ന ഈ കാലയളവിലെ രക്തദാനം സ്വീകർത്താവിന് രോഗബാധ ഉണ്ടാക്കാൻ ഇടയാകും.<br>എല്ലാ രക്തദാതാക്കളോടും രക്തദാനത്തിന് മുമ്പായി പ്രത്യേകം പരിശീലനം ലഭിച്ച വിദഗ്ധ കൗൺസിലർമാർ രക്തസുരക്ഷയ്ക്ക് അപകടകരമായ ജീവിതരീതികളെക്കുറിച്ചുള്ള (High Risk Behaviour) ചോദ്യങ്ങൾ ആരായുന്നു. ഈ പ്രക്രിയയിലൂടെ ഒരു ചെറിയ സംശയത്തിനെങ്കിലും ഇടനൽകുന്ന രക്തദാതാക്കളെ രക്തദാനത്തിൽ നിന്ന് ഒഴിവാക്കുന്നു. ഇതിനായി നാക്കോ അംഗീകരിച്ച കൗൺസിലിങ്ങിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നിലവിലുണ്ട്. ഇതിനു പുറമെ, രക്തബാങ്കിലെ ഡോക്ടർമാർ ദാതാക്കളുടെ വേണ്ടുന്ന വിവരങ്ങൾ ചോദിച്ച് മെഡിക്കൽ പരിശോധന നടത്തി, രക്തദാനത്തിന് യോഗ്യരല്ലാത്തവരെ ഒഴിവാക്കുന്നു.<br>ശേഖരിക്കുന്ന രക്ത യൂണിറ്റുകളെല്ലാം തന്നെ സർക്കാർ അംഗീകൃത കിറ്റുകളും സാങ്കേതിക വിദ്യകളും ഉപയോഗിച്ച് കൃത്യമായി ടെസ്റ്റ് ചെയ്യുന്നു. എച്ച്.ഐ.വി, എച്ച്.സി.വി, ഹെപ്പറ്റൈറ്റിസ് ബി, മലേറിയ, സിഫിലിസ് എന്നിവയ്ക്കുള്ള ടെസ്റ്റുകളാണ് ഈ ബ്ലഡ് ബാങ്കിൽ നടത്തുന്നത്. ഇവയുടെ പരിശോധനാ ഫലങ്ങൾ ബ്ലഡ് ബാങ്കിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നു. ഏതെങ്കിലും ഒരു ടെസ്റ്റ് സീറോ റിയാക്ടീവ് ആയി കണ്ടാൽ ആ രക്ത യൂണിറ്റും അതിൽ നിന്നുള്ള എല്ലാ ഘടകങ്ങളും BMW (ബയോ മെഡിക്കൽ വേസ്റ്റ് |
| ബി) | രക്തദാനം സുരക്ഷിതമാക്കുന്നതിനും ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനും എന്തെല്ലാം മുൻകരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ? | | |

ഡിസ്പോസൽ) മാനദണ്ഡങ്ങൾക്കനുസൃതമായി നശിപ്പിച്ചുകളയുന്നു. ഈ ടെസ്റ്റുകളിൽ പോസിറ്റീവായ (സീറോ റിയാക്റ്റീവ്) രക്തദാതാക്കളെ തിരിച്ചു വിളിക്കുകയും സ്ഥിരീകരണ (കൺഫർമേറ്ററി) ടെസ്റ്റുകൾക്കായി നിർദ്ദിഷ്ട സ്ഥലങ്ങളിലേക്ക് അയക്കുകയും ചെയ്യുന്നു.

സുരക്ഷിതമായ രക്തം ഉറപ്പുവരുത്തുന്നതിനായി 100% രക്തവും സന്നദ്ധരക്തദാനത്തിലൂടെ സ്വീകരിക്കുന്നതിനുള്ള നിർദ്ദേശം എല്ലാ രക്തബാങ്കുകൾക്കും നൽകിയിട്ടുണ്ട്. സന്നദ്ധ രക്തദാന തോത് ഉയർത്തുന്നതിദലയ്ക്കായി സന്നദ്ധ സംഘടനകളുടെ സഹായത്തോടെ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ രക്തദാന ക്യാമ്പുകൾ സംഘടിപ്പിച്ചു വരുന്നു. കൂടാതെ കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയും, സ്റ്റേറ്റ് ബ്ലഡ് ട്രാൻസ്ഫ്യൂഷൻ കൗൺസിലും സന്നദ്ധരക്തദാനത്തെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള വിവിധ പരിപാടികൾ സംഘടിപ്പി ക്കുകയും ചെയ്യുന്നുണ്ട്.

എച്ച്.ഐ.വി അണുബാധ കണ്ടെത്തുന്നതിനായി ആധുനികമായ നാലാം തലമുറ എലീസ കിറ്റുകൾ ഉപയോഗിക്കുന്നതിനുള്ള നിർദ്ദേശം എല്ലാ രക്തബാങ്കുകൾക്കും നൽ കിയിട്ടുണ്ട്.

5000 യൂണിറ്റിനു മുകളിൽ രക്തശേഖരണം നടത്തുന്ന രക്തബാങ്കുകളിൽ കൗൺസിലറുടെ സേവനം ലഭ്യമാക്കിയിട്ടു ണ്ട്. ഇതുകൊണ്ട് രക്ത സന്നിവേശത്തിലൂടെ പ കരുന്ന രോഗങ്ങൾ ഉള്ളവരെ തിരിച്ചറിഞ്ഞ് അവരെ രക്തദാനത്തിൽ നിന്നും പിൻതിരിപ്പിക്കുന്നതിന് സാധിക്കുന്നു.

രക്തസന്നിവേശം കൂടുതലായി നടക്കുന്ന റീജണൽ ക്യാൻസർ സെന്ററിൽ എച്ച്.ഐ.വി കുറഞ്ഞ ജാലക വേളയിൽ തന്നെ കണ്ടെത്താനുള്ള പരിശോധനാ മാർഗ്ഗമായ ന്യൂക്ലിക് ആസിഡ് ടെസ്റ്റ് നടപ്പാക്കുന്ന കാര്യം സർക്കാരിന്റെ പ രിഗണനയിലാണ്.

സെക്ഷൻ ഓഫീസർ